**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2417** **12-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന പട്ടികയിലെ കാർഡിന്റെയും അനുവദനീയമായ റേഷൻ സാധനങ്ങളുടെയും വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നിലവിൽ റേഷൻ മുൻഗണന പട്ടികയിൽ എത്ര കാർഡ് ഉടമകൾ ഉൾപ്പെട്ടിട്ടുണ്ട്; ഓരോ കാർഡിന്റെയും ആയതിന് അനുവദനീയമായ റേഷൻ സാധനങ്ങളുടെയും വിവരം ഉൾപ്പെടെ വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ 07.12.2022 ലെ കണക്ക് പ്രകാരം റേഷൻ മുൻഗണന പട്ടികയിൽ എ.എ.വൈ - 589038, പി.എച്ച്.എച്ച് - 3506674 **ആകെ - 4095712** എണ്ണം മുൻഗണനാ കാർഡുകൾ ഉണ്ട്.<br><br>എ.എ.വൈ വിഭാഗത്തിന് 30 കിലോ അരിയും 04 കിലോ ഗോതമ്പും സൗജന്യമായും, ഒരു പായ്ക്കറ്റ് (1 കി.ഗ്രാം) ആട്ട 6/- രൂപയ്ക്കും ഒരു കിലോ പഞ്ചസാര 21/- രൂപയ്ക്കും മണ്ണെണ്ണ മൂന്ന് മാസത്തിലൊരിക്കൽ അര ലിറ്റർ 42.5/- രൂപയ്ക്കും ലഭിക്കും.<br><br>പി.എച്ച്.എച്ച് വിഭാഗത്തിന് കാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരിയും ഒരു കിലോ ഗോതമ്പും 2/- രൂപ നിരക്കിൽ (ഒരു കാർഡിന് അനുവദിച്ചിട്ടുള്ള ആകെ ഗോതമ്പിന്റെ അളവിൽ നിന്നും 2 കിലോ കുറവ് ചെയ്തു പകരം 2 പായ്ക്കറ്റ് (2കി.ഗ്രാം) ആട്ട 8/- രൂപ/കി.ഗ്രാം നിരക്കിൽ) ലഭിക്കും. |
| (ബി) | പ്രസ്തുത പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം 2011 ലെ ജനസംഖ്യ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി അർബൻ, റൂറൽ റേഷ്യോ കണക്കാക്കി 1,54,800,40 അംഗങ്ങൾ എന്ന് നിജപ്പെടുത്തിയത്. നിലവിലെ ജനസംഖ്യാപ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടി രുന്നെങ്കിലും അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കാനാകൂ എന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.<br><br>പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ് ഡേറ്റാ മാപ്പിംഗ് നടത്തുന്നു. |

| | | | |
|---|---|---|---|
| | | | 2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.<br><br>3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.<br><br>6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നര വഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയു റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.<br><br>7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി **Operation Yellow** എന്ന പേരിൽ ഒരു പരിപാടി ആവിഷ്ക്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.<br><br>2009നു ശേഷം പുതുക്കിയ ബി.പി.എൽ പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ അർഹരായവർക്ക് മുൻഗണനാ പട്ടികയിൽ അവസരം ഉറപ്പാക്കുന്നതിനായി 2009ലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടാത്തതും നിലവിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമനുസരിച്ച് ആനുകൂല്യത്തിന് അർഹമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നവർക്ക് കൂടി ക്ലേശഘടകങ്ങൾ കണക്കിലെടുത്ത് 20മാർക്ക് നൽകി മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ക്യാൻസർ പോലെയുള്ള ഗുരുതര രോഗം ബാധിച്ചവരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കി നൽകുന്നതിന് ആർക്കാണ് അപേക്ഷ നല്കേണ്ടതെന്ന് അറിയിക്കുമോ; | (സി) | എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് ബി.പി.എൽ നു പകരമുള്ള മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടു വരുന്നത്.<br><br>ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നത്. ഇതിലേക്കായി സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.<br><br>അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.<br><br>സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ. |

എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾ പ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

18.09.2017 ലെ സ.ഉ.(സാധാ) നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണന (പി.എച്ച്.എച്ച്) വിഭാഗങ്ങളെ കണ്ടെത്തുന്നത്.

കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെട്ടതും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27.10.2020ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ?

(ഡി) 2022 സെപ്റ്റംബർ മാസം 13-ാം തീയതി മുതൽ ഒക്ടോബർ മാസം 31-ാം തീയതി വരെ ലഭ്യമായ അപേക്ഷകളുടെ വിവരം.

| **ജില്ല** | **ആകെ അപേക്ഷകൾ** | **മുൻഗണനയിൽ ഉൾപ്പെടാൻ അർഹരായവർ** |
|---|---|---|
| തിരുവനന്തപുരം | 9050 | 5548 |
| കൊല്ലം | 5642 | 4266 |
| പത്തനംതിട്ട | 1507 | 1097 |
| ആലപ്പുഴ | 3929 | 2967 |
| കോട്ടയം | 2946 | 2259 |
| ഇടുക്കി | 1927 | 1496 |
| എറണാകുളം | 7054 | 5532 |
| തൃശ്ശൂർ | 6954 | 4477 |
| പാലക്കാട് | 9351 | 5727 |
| മലപ്പുറം | 8611 | 5821 |

| | | | |
|---|---|---|---|
| | കോഴിക്കോട് | 4964 | 2582 |
| | വയനാട് | 1837 | 1440 |
| | കണ്ണൂർ | 4520 | 2790 |
| | കാസർഗോഡ് | 4936 | 3392 |
| | **ആകെ** | **73228** | **49394** |

സെക്ഷൻ ഓഫീസർ